## ശുചിത്വമിഷൻ

തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ


02.07.2025

### പത്രക്കുറിപ്പ്

## ജൂലായ് 3 – അന്തർദേശീയ പ്ലാസ്റ്റിക് ക്യാരിബാഗ് വിരുദ്ധദിനം

## പ്ലാസ്റ്റിക് മാലിന്യ നിർമാർജനം കൂടുതൽ ശക്തമാക്കി കേരളം

ജൂലായ് മൂന്ന് അന്തർദേശീയ പ്ലാസ്റ്റിക് ക്യാരിബാഗ് വിരുദ്ധദിനമായി ആചരിക്കമ്പോൾ ഈ രംഗത്ത് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുകയാണ് കേരളം. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകൾ രാജ്യത്ത് പൊതുവിൽ നിരോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന് വഴിയൊരുക്കുന്ന തരത്തിൽ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കാര്യബാഗുകളുൾപ്പെടെയുള്ള നിരവധി ഉത്പന്നങ്ങൾ കേരള സർക്കാരും നിരോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് നിരോധനം കൂടുതൽ ശക്തമാക്കുന്നതിനുള്ള ഉത്തരവ് ഈയിടെ ബഹു. കേരള ഹൈക്കോടതിയും പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെയും തദ്ദേശ ഭരണ വകുപ്പിന്റെയും നിർദേശപ്രകാരം ഈ ഉത്തരവുകൾ ഫലപ്രദമായി നടപ്പാക്കി സംസ്ഥാനത്തെ ശുചിത്വമികവിലേക്കെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളും മറ്റ് വിവിധ ഏജൻസികളുമായി ചേർന്ന് കൂടുതൽ ശക്തമാക്കുമെന്ന് ശുചിത്വമിഷൻ അറിയിച്ചു. സംസ്ഥാനത്ത് ഇപ്പോൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനി വഴി ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിലായി 37894 ഹരിതകർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച് ഹരിതകർമസേനാംഗങ്ങളെ ഏല്പിക്കുക, പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പരമാവധി പുനരുപയോഗിക്കുക, ഷോപ്പിംഗിന് തുണിസഞ്ചികൾപോലെ വീണ്ടും ഉപയോഗിക്കാവുന്ന ബാഗുകളും മറ്റ് ബദൽ ഉത്പന്നങ്ങളും ഉപയോഗിക്കുക, പൊതുസ്ഥലങ്ങളിലും കടൽത്തീരങ്ങളിലും ജലാശയങ്ങളിലും മാർക്കറ്റുകളിലും ഓഫീസ് പരിസരങ്ങളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കംചെയ്യുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാവുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുന്ന പ്രവർത്തനങ്ങളിൽ എല്ലാവരുടെയും പങ്കാളിത്തമുണ്ടാകണമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി. ജോസ് അറിയിച്ചു.

പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ ആഗോളതലത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിനുമായാണ് ജൂലൈ 3-ന് ഇന്റർനാഷണൽ പ്ലാസ്റ്റിക് ബാഗ് ഫ്രീ ഡേ ആചരിക്കുന്നത്. പ്ലാസ്റ്റിക് ബാഗുകൾ പരിസ്ഥിതിയിലും ജൈവവൈവിധ്യത്തിലും ഉണ്ടാക്കുന്ന ദോഷം ചൂണ്ടിക്കാട്ടുക, വീണ്ടും ഉപയോഗിക്കാവുന്ന ഉത്പന്നങ്ങളുൾപ്പെടെ പരിസ്ഥിതി സൗഹൃദ ബദലുത്പന്നങ്ങളും രീതികളും സ്വീകരിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുക എന്നിവയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം.


റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം – 695033
ഫോൺ : 0471- 2312730, 2319831, ഇ-മെയിൽ : sanitationkerala@gmail.com